**QP CODE: 25050530** 25050530 **Reg No** : ..................

**Name** : ..................

## MA DEGREE (CSS)EXAMINATION DECEMBER 2025

### First Semester

M A MALAYALAM

### Core Courses - ML010103 - MALAYALA CHERUKADHA

2019 Admission Onwards

2EAC34C1

Time: 3 Hours Weightage: 30

**I. എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. ആദ്യകാല സാഹിത്യമാസികകൾ മലയാള ചെറുകഥാസാഹിത്യത്തിന് നൽകിയ സംഭാവനകൾ വിലയിരുത്തുക.
2. "എന്റെ മുഖം വിരൂപമാണെങ്കിലും ഞാൻ സുന്ദരിയാണ്" സന്ദർഭം വിവരിക്കുക.
3. കാരൂർ നീലകണ്ഠപ്പിള്ളയുടെ സാഹിത്യസംഭാവനകൾ വിവരിക്കുക.
4. "പരമാർത്ഥത്തിൽ ഈ നസ്സൂതിരിയില്ലങ്ങളെല്ലാം തന്നെ ഒരേതരം കാരാഗൃഹങ്ങളല്ലേ" ഈ വാക്യത്തിന്റെ വൈകാരികതലം പരിശോധിക്കുക.
5. രാജലക്ഷ്മിയുടെ കഥകളുടെ പൊതുസവിശേഷതകൾ വിവരിക്കുക.
6. "കേരളത്തിലായിരുന്നുവെങ്കിൽ നീ എന്റെ മുറപ്പെണ്ണാണ്." ഈ വാക്യത്തിന്റെ വൈകാരികതലം പരിശോധിക്കുക.
7. "അസ്തിത്വം നഷ്ടപ്പെട്ട ആധുനികതലമുറയുടെ സവിശേഷതകൾ പ്രതിഷ്ഠ എന്നകഥയിൽ കണ്ടെത്താനാകും" സ്വമതം സ്ഥാപിക്കുക.
8. "മനുഷ്യജീവിതത്തിന്റെ നൊമ്പരങ്ങൾ അനാവൃതമാക്കുകയാണ് 'ജീവച്ഛവങ്ങൾ" വിശകലനം ചെയ്യുക.
9. ഉണ്ണി. ആറിന്റെ കഥകളിലെ ഭാഷാപരമായ സവിശേഷതകൾ വിവരിക്കുക.
10. എസ്.ഹരീഷിന്റെ കഥാഖ്യാനത്തിന്റെ സവിശേഷതകൾ കണ്ടെത്തുക.

(8×1= 8 weightage)

**II. ആറു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

11. കേസരി സദസ്സ് -വിശദമാക്കുക.
12. ബഷീറിന്റെയു എസ് കെ പൊറ്റെക്കാടിന്റെയും കഥയിലെ മാനവികദർശനം താരതമ്യം ചെയ്യുക.
13. വംശീയമായും വർണപരമായും ബ്രിട്ടീഷുകാർ ഇന്ത്യക്കാരോട് കാണിച്ചിരുന്ന വിവേചനം പതാക എന്ന കഥയിൽ എപ്രകാരം ആവിഷ്കരിച്ചിരിക്കുന്നു ?

14. ടി.പത്മനാഭന്റെ സാക്ഷി എന്ന കഥ പ്രകൃതിനശീകരണത്തിനെതിരായ കഥയാണോ ? വിശദമാക്കുക.

15. "എനിക്ക് കിരീടം വേണ്ടാ.പൂമാലകൾക്കുവേണ്ടി എന്റെ കഴുത്ത് കുനിയില്ല." അംഗീകാരവും പ്രശംസയും ആഗ്രഹിക്കുന്ന മനുഷ്യമനസ്സുമായി ഈ പ്രസ്താവന താരതമ്യം ചെയ്യുക.

16. "നഗരവത്ക്കരണം ആധുനികമനുഷ്യനിലെ മനുഷ്യത്വത്തെ എപ്രകാരം ബാധിക്കുന്നു എന്നതിന്റെ നേർക്കാഴ്ചയാണ് ഡൽഹി 1980." - വിശകലനം ചെയ്യുക.

17. സക്കറിയായുടെ കഥയിലെ പൊതുപ്രവണതകൾ എന്തൊക്കെയാണ്?

18. സ്ത്രീയും പരിസ്ഥിതിയും സമകാലിക മലയാള സാഹിത്യത്തിൽ എപ്രകാരം അടയാളപ്പെടുന്നു.

(6×2= 12 weightage)

**III. രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

19. ആദ്യകാല ചെറുകഥകളുടെയും നവോത്ഥാന ചെറുകഥകളുടെയും ഭാഷാപരമായ സവിശേഷതകൾ വിവരിക്കുക.

20. പെൺബുദ്ധിയുടെ സമകാലിക സാമൂഹ്യപ്രസക്തി വിശകലനം ചെയ്യുക.

21. ആദ്യകാല ചെറുകഥയിൽ നിന്നും ഉത്തരാധുനികതയിലേക്ക് എത്തിനിൽക്കുമ്പോൾ ചെറുകഥയിൽ സംഭവിച്ച രൂപപരമായ പരിണാമങ്ങൾ വിവരിക്കുക.

22. ഉത്തരാധുനിക കഥയിൽ പ്രകടമാകുന്ന വിഷയപരവും ആഖ്യാനപരവുമായ സവിശേഷതകൾ എൻ.എസ്.മാധവന്റെ കഥകളെ മുൻനിർത്തി പരിശോധിക്കുക.

(2×5= 10 weightage)